## പതിമൂന്നാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 4700 20.10.2011 ൽ മറുപടിയ്ക്ക്

### കെ.എസ്.എഫ്.ഇ. താഴ്ന്ന വിഭാഗം ജീവനക്കാരുടെ പ്രൊമോഷൻ-പെൻഷൻ

ചോദ്യം ഉത്തരം

ശ്രീ. ആർ. സെൽവരാജ് : ശ്രീ. കെ.എം. മാണി
(ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി )

| | | | |
|---|---|---|---|
| (എ) | 2000 ജനുവരി മുതൽ 2011 സെപ്റ്റംബർ വരെ കെ.എസ്.എഫ്.ഇ യിൽ ജൂനിയർ അസിസ്റ്റന്റുമാരുടെ എത്ര ഒഴിവുകൾ പി.എസ്.സി ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട് ; | (എ) | കെ.എസ്.എഫ്.ഇ യിൽ ജൂനിയർ അസിസ്റ്റന്റുമാരുടെ 2843 ഒഴിവുകൾ കെ.പി.എസ്.സി ക്കു റിപ്പോർട്ട് ചെയ്തിട്ടുണ്ട്. |
| (ബി) | പ്രസ്തുത കാലയളവിൽ എത്ര താഴ്ന്ന വിഭാഗം ജീവനക്കാർക്ക് ജൂനിയർ അസിസ്റ്റന്റ് ആയി പ്രൊമോഷൻ നൽകിയിട്ടുണ്ട് ; | (ബി) | 121 പേർക്ക്. |
| (സി) | കെ.എസ്.എഫ്.ഇ യിൽ താഴ്ന്ന വിഭാഗം ജീവനക്കാർക്ക് ജൂനിയർ അസിസ്റ്റന്റ് ആയി പ്രൊമോഷൻ നൽകുന്നതിന് പി.എസ്.സി പരീക്ഷ നടത്തിയിട്ടുണ്ടോ ; ആയതിന്റെ റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിച്ചിട്ടുണ്ടോ ; ഇല്ലെങ്കിൽ അതിനുള്ള കാലതാമസത്തിന് കാരണം എന്താണെന്ന് വ്യക്തമാക്കുമോ ; | (സി) | കെ.എസ്.എഫ്.ഇ യിലെ താഴ്ന്ന വിഭാഗം ജീവനക്കാരിൽ നിന്ന് ജൂനിയർ അസിസ്റ്റന്റ് ആയി പ്രൊമോഷൻ നൽകുന്നതിന് 22.08.2008-ൽ ആണ് പി.എസ്.സി അവസാനമായി പരീക്ഷ നടത്തിയിട്ടുള്ളത്. ഇതിൽ വിജയിച്ച 26 പേർക്കും പ്രൊമോഷൻ നൽകി കഴിഞ്ഞു. 30.12.2010 ൽ തസ്തികമാറ്റം വഴി നികത്തേണ്ട 48 ഒഴിവുകൾ പി.എസ്.സി-യെ അറിയിച്ചിട്ടുണ്ട്. ഇതിനുള്ള അർഹതാ നിർണ്ണയ പരീക്ഷ നടത്തുവാൻ പി.എസ്.സി തീരുമാനിച്ചിട്ടുണ്ട്. |

.... 2

| | | | |
|---|---|---|---|
| (ഡി) | കെ.എസ്.എഫ്.ഇ ജീവനക്കാർക്ക് പെൻഷൻ പദ്ധതി നടപ്പിലാക്കുന്നതിന് തീരുമാനം എടുത്തിട്ടുണ്ടോ ; വിശദാംശം ലഭ്യമാക്കുമോ ; | (ഡി) | ഇല്ല. |
| (ഇ) | 2010-11 സാമ്പത്തിക വർഷത്തിൽ കെ.എസ്.എഫ്.ഇ യുടെ ലാഭം എത്ര ആണെന്ന് വ്യക്തമാക്കുമോ ? | (ഇ) | 49.57 കോടി രൂപ. |

Chandob/z
**സെക്ഷൻ ഓഫീസർ**